(സി) അർഹമായ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനുവേണ്ടി 23-8-2013-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 147/13/നി.വ. ഉത്തരവുപ്രകാരം ഡീ-അഡിക്ഷൻ സെന്ററുകളെ തെരഞ്ഞെടുക്കുവാനുള്ള മാനദണ്ഡം രൂപീകരിക്കുകയും ടി മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാതല സമിതിയുടെയും സംസ്ഥാനതല സമിതിയുടെയും ശിപാർശയുടെ അടിസ്ഥാനത്തിൽ 9-6-2014-ലെ ജി.ഒ. (എംഎസ്.) നമ്പർ 86/2014/നി.വ. ഉത്തരവ് പ്രകാരം തെരഞ്ഞെടുത്ത 11 ലഹരിമുക്ത ചികിത്സാകേന്ദ്രങ്ങൾക്ക് 1,00,35,840 രൂപ ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്.

ലഹരിവസ്തുക്കൾമൂലമുള്ള ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് ബോധവൽക്കരണം

150 (1976) ശ്രീ ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വസ്തുക്കൾമൂലമുള്ള ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതു ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനായി എക്സൈസ് വകുപ്പിന് എന്തെല്ലാം പരിപാടികളാണ് നിലവിലുള്ളത് എന്നറിയിക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ലഹരിവിരുദ്ധ അനുബന്ധ പ്രവർത്തനങ്ങൾക്കായി വകുപ്പ് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ആയതിൽ ഏതെല്ലാം പ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഇനം തിരിച്ച് ജില്ലാടിസ്ഥാനത്തിലുള്ള വാർഷിക കണക്കുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ലഹരിവസ്തുക്കൾമൂലമുള്ള ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതു ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിവിധങ്ങളായ ബോധവൽകരണ പ്രവർത്തനങ്ങളാണ് സംസ്ഥാനതലത്തിൽ നടപ്പിലാക്കിവരുന്നത്. ലഹരിവിരുദ്ധ സെമിനാർ, ലഹരിവിരുദ്ധ ബോധവത്ക്കരണ ക്ലാസ്, ലഹരി വിരുദ്ധ ബോധവത്കരണ സ്റ്റാളുകൾ, ഘോഷയാത്ര, ക്വിസ്സ്യോട്ടം, ഉപന്യാസ മത്സരം, പ്രസംഗമത്സരം, ഡോക്യുമെന്ററി പ്രദർശനം, ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ക്വിസ് പ്രോഗ്രാം, സ്കൂളുകളിൽ ലഹരിവിരുദ്ധ ബോധവത്കരണം, കോളനികൾ കേന്ദ്രീകരിച്ച ബോധവത്ക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ-കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധക്ലബ്ബുകൾ വഴിയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ, ആദിവാസി-പിന്നോക്ക മേഖലകളിലെ പ്രത്യേക പദ്ധതി പ്രകാരമുള്ള ബോധവത്ക്കരണ പരിപാടികൾ, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിലും, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലെ സി.സി.ടി.വി. വഴിയുള്ള ബോധവത്ക്കരണം, റെയിൽവേ സ്റ്റേഷനുകളിലെ ബോധവത്ക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രവ്യ, അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവത്കരണം, മദ്യത്തിന്റെയും മയക്കു മരുന്നിന്റെയും ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവത്കരണ സന്ദേശങ്ങൾ അടങ്ങിയ പാഠഭാഗം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.ടി.-യുമായി

LIBRARY ARCHIVES Kerala Legislative Assembly

ചേർന്ന് അദ്ധ്യാപകർക്കുവേണ്ടി "അതിജീവനം" എന്ന് മലയാളത്തിലും "Survival" എന്ന് ഇംഗ്ലീഷിലും കൈപ്പുസ്തകം തയ്യാറാക്കി പരിശീലനം നൽകിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ ബോധവത്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനായി എക്സൈസ് ഉദ്യോഗസ്ഥർക്ക് ബോധവത്കരണ പരിശീലന ക്ലാസ് തുടങ്ങിയ പരിപാടികളാണ് ഇതിനോടനുബന്ധിച്ച് എക്സൈസ് വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. ലഹരിയ്ക്കടിമപ്പെട്ടവരെ ചികിത്സിക്കുന്നതിനായി സംസ്ഥാനതലത്തിൽ ഡീ-അഡിക്ഷൻ സെന്ററുകൾക്ക് കെ.എസ്.ബി.സി.-യുടെ സോഷ്യൽ റെസ്പോൺസിബിലിറ്റി സ്കീം പ്രകാരം മാറ്റിവച്ച തുക വിനിയോഗിച്ച് ധനസഹായം നൽകിവരുന്നുണ്ട്. കൂടാതെ പുനർജനി-2030 നോടനുബന്ധിച്ച് കെ.എസ്.ബി.സി.-യിലൂടെ വില്പന നടത്തുന്ന വിദേശമദ്യവില്പന നികുതിയിന്മേൽ അഞ്ച് ശതമാനം സെസ്സ് ഈടാക്കി ടി തുക ഉപയോഗിച്ച് 'സുബോധം' എന്ന പേരിൽ പ്രത്യേക ബോധവത്ക്കരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. മദ്യവും മറ്റ് ലഹരിവസ്തുക്കളും ഉപയോഗിക്കുന്നത് മൂലമുണ്ടാകുന്ന ആരോഗ്യ-സാമ്പത്തിക പ്രശ്നങ്ങൾ, സാമ്പത്തികനഷ്ടം, സർക്കാർ ഇതര സാമൂഹ്യസംഘടനകളുടെ സഹായത്തോടെയുള്ള ബോധവത്കരണം നടത്തുന്നതിനുള്ള സാധ്യതാപഠനവും തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവിയായിരുന്ന ഡോ. കെ. വിജയകുമാറിന്റെ നേതൃത്വത്തിൽ പൂർത്തീകരിച്ചിട്ടുമുണ്ട്.

(ബി) വിവിധ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി എക്സൈസ് വകുപ്പിൽ ജോയിന്റ് എക്സൈസ് കമ്മീഷണറുടെ മേൽനോട്ടത്തിൽ ബോധവത്കരണ വിഭാഗം പ്രവർത്തിച്ചുവരുന്നുണ്ട്. ബോധവത്കരണ പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന തുക സംസ്ഥാനതലത്തിൽ വിവിധ പ്രചാരണ പരിപാടികൾക്കായി അനുവദിക്കുന്നതോടൊപ്പം ജില്ലാതലത്തിലും പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക പൊതുവായി അനുവദിച്ചു നൽകുകയാണ് ചെയ്യുന്നത്. ജില്ലാതല പ്രവർത്തനങ്ങൾക്ക് ടി തുക ഇനം തിരിച്ചല്ല അനുവദിച്ചു നൽകുന്നത്. ഈ സർക്കാർ ലഹരി വിരുദ്ധപ്രവർത്തനങ്ങൾക്കായി എക്സൈസ് വകുപ്പ് മുഖാന്തരം ചെലവഴിച്ച തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

നമ്പർ	സാമ്പത്തിക വർഷം	അനുവദിച്ച തുക	ചെലവഴിച്ച തുക
1	2011-12	1,20,00,000	1,19,27,247
2	2012-13	90,00,000	89,41,085
3	2013-14	75,20,000	73,38,852
4	2014-15	60,00,000	60,00,000
5	2015-16	80,00,000	37,20,273
	ആകെ	4,25,20,000	3,79,27,457

LIBRARY ARCHIVES Kerala Legislative Assembly

മേൽ അനുവദിച്ച തുകയിൽനിന്നും ജില്ലാതലത്തിൽ മാത്രമായി ചെലവഴിച്ച തുകയുടെ വിവരം:

ക്രമ നമ്പർ	ജില്ല	ചെലവഴിച്ച തുക			
		2011-12	2012-13	2013-14	2014-15
1	Thiruvananthapuram	1,77,500	2,42,019	2,13,000	31,5000
2	Kollam	1,77,500	1,90,934	25,000	1,10,000
3	Pathanamthitta	1,77,500	1,20,000	25,000	1,10,000
4	Alappuzha	1,77,500	1,21,978	25,000	1,10,000
5	Kottayam	1,77,500	2,38,950	25,000	1,10,000
6	Idukki	1,77,500	2,13,185	25,000	2,10,000
7	Ernakulam	1,77,500	3,02,039	25,000	1,25,000
8	Thrissur	1,77,500	2,32,099	2,76,663	1,70,000
9	Palakkad	1,77,500	1,17,000	25,000	2,10,000
10	Malappuram	1,77,500	2,34,394	25,000	1,10,000
11	Kozhikode	1,77,500	1,57,238	25,000	1,30,000
12	Wayanad	1,77,500	1,14,660	25,000	2,10,000
13	Kannur	1,77,500	2,84,134	25,000	1,10,000
14	Kasaragod	1,77,500	1,44,409	25,000	1,10,000
	Total	24,85,000	27,43,039	8,39,663	21,40,000

സുബോധം പദ്ധതി

151 (1977) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുബോധം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly